# SUNDAY LIGHT
# സൺഡേ ലൈറ്റ്

ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തതിന് സഹായിക്കുന്ന ലഘുലേഖ

06
ആഗസ്റ്റ്
2023


## കർത്താവിന്റെ രൂപാന്തരീകരണ തിരുനാൾ



**ഉയർന്ന** ഒരു മലയിലേക്ക് കുറച്ചു ശിഷ്യന്മാരുമായി പോയി, അവിടെ വച്ച് യേശു രൂപാന്തരപ്പെടുന്നതാണ് ഇന്നത്തെ സുവിശേഷത്തിൽ. എന്തിനായിരിക്കണം യേശു ഇങ്ങനെ മല കയറിയത്? സുവിശേഷങ്ങളിൽ യേശു പ്രാർത്ഥിക്കാൻ മലയിലേക്കു പോകുന്നതായി നാം വായിക്കുന്നുണ്ട്. ഇവിടെയും യേശു പ്രാർത്ഥിക്കുവാനാണ് മലയിലേക്ക് പോയത്. ജറുസലേമിലേക്കുള്ള തന്റെ യാത്ര ചെന്നെത്തുക പീഡാസഹനത്തിലും കുരിശുമരണത്തിലേക്ക് ആയിരിക്കുമെന്ന് അറിയുമ്പോൾ, അത് തന്നെയാണോ പിതാവിന്റെ ഹിതം എന്നറിയാനായി സംവദിക്കുന്നതിനായിരുന്നു യേശു മലയിലേക്ക് കയറിയത്. യേശുവിന്റെ ജീവിതത്തിന്റെ എല്ലാ ഏടുകളിലും പ്രാർത്ഥിക്കുന്നതായി, അതായത് പിതാവായ ദൈവവുമായി സംസാരിക്കുന്നതായി നാം കാണുന്നുണ്ട്. ഇങ്ങനെ തിരിച്ചറിയുന്ന പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതിനായിരുന്നു യേശു ശ്രദ്ധ പതിപ്പിച്ചിരുന്നത്. നമ്മുടെ ജീവിതത്തിലും പലപ്പോഴും ചില നിർണായ ഘട്ടങ്ങളിൽ നാം പലരോടും അഭിപ്രായങ്ങൾ പറയാറുണ്ട്; എന്നാൽ ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ട് അവിടുത്തെ ഹിതം ആരായാറുണ്ടോ? അങ്ങനെ നമ്മൾ ദൈവഹിതം അന്വേഷിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരായി മാറുന്നതാണ് നമ്മുടെ ജീവിതത്തിന്റെ രൂപാന്തരീകരണം. ഈ രൂപാന്തരീകരണത്തിരുനാളിൽ കർത്താവ് നമ്മിൽ നിന്നും ആഗ്രഹിക്കുന്നതും ഇങ്ങനെയൊരു രൂപാന്തരീകരണമാണ്. ●

## ആമുഖം

പ്രാർത്ഥനക്കിടെ നിദ്രയിലാണ്ട ശിഷ്യന്മാർ മലമുകളിലെ സ്വസ്ഥത ആഗ്രഹിക്കുന്നു. എന്നാൽ യേശുവും മോശയും ഏലിയായും സംസാരിക്കുന്നത് മലയിറങ്ങി കുരിശെടുക്കുന്നതിനെക്കുറിച്ചും. അവൻ മഹത്വത്തോടെ കാണപ്പെട്ടു. കാരണം, ക്രിസ്തുവിന് കുരിശ് പരാജയത്തിന്റെയല്ല മഹത്വത്തിന്റെ പ്രതീകമാണ്. കുരിശില്ലാതെ കിരീടമില്ല. ഓരോ മഹത്വത്തിന്റെ പിന്നിലും കടന്നു വന്ന കഷ്ടപ്പാടുകളുടെ കഠിന യാഥാർഥ്യങ്ങൾ ഉണ്ടായിരിക്കും. സഹനങ്ങളിലും രക്ഷയ്ക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

## ഒന്നാം വായന

**ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ നിന്ന്** (7:9-10,13-14)

*(അദേഹത്തിന്റെ വസ്ത്രം മഞ്ഞുപോലെ ധവളമായിരുന്നു.)*

ഞാൻ നോക്കിക്കൊണ്ടിരിക്കേ, സിംഹാസനങ്ങൾ നിരത്തി, പുരാതനനായവൻ ഉപവിഷ്ടനായി. അവന്റെ വസ്ത്രം മഞ്ഞുപോലെ ധവളം; തലമുടി, നിർമലമായ ആട്ടിൻരോമം പോലെ! തീജ്വാലകളായിരുന്നു അവന്റെ സിംഹാസനം; അതിന്റെ ചക്രങ്ങൾ കത്തിക്കാളുന്ന അഗ്നി. അവന്റെ മുൻപിൽ നിന്ന് അഗ്നിപ്രവാഹം പുറപ്പെട്ടു. ആയിരമായിരം പേർ അവനെ സേവിച്ചു; പതിനായിരം പതിനായിരം പേർ അവന്റെ മുൻപിൽ നിന്നു. ന്യായാധിപസഭ ന്യായവിധിക്ക് ഉപവിഷ്ടമായി. ഗ്രന്ഥങ്ങൾ തുറക്കപ്പെട്ടു. നിശാദർശനത്തിൽ ഞാൻ കണ്ടു, ഇതാ, വാനമേഘങ്ങളോടുകൂടെ മനുഷ്യപുത്രനെപ്പോലെ ഒരുവൻ വരുന്നു. അവനെ പുരാതനനായവന്റെ മുൻപിൽ ആനയിച്ചു. എല്ലാ ജനതകളും ജനപദങ്ങളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് ആധിപത്യവും മഹത്വവും രാജത്വവും അവനു നൽകി. അവന്റെ ആധിപത്യം ശാശ്വതമാണ്; അത് ഒരിക്കലും ഇല്ലാതാവുകയില്ല. അവന്റെ രാജത്വം അനശ്വരമാണ്.

കർത്താവിന്റെ വചനം

## പ്രതിവചന സങ്കീർത്തനം

(97:1-2,5-6,9)

**കർത്താവു വാഴുന്നു; അവിടുന്ന് ഭൂമി മുഴുവന്റെയും അധിപനാണ്.**

കർത്താവു വാഴുന്നു; ഭൂമിസന്തോഷിക്കട്ടെ! ദ്വീപസമൂഹങ്ങൾ ആനന്ദിക്കട്ടെ! മേഘങ്ങളും കൂരിരുട്ടും അവിടുത്തെ ചുറ്റും ഉണ്ട്; നീതിയും ന്യായവും അവിടുത്തെ സിംഹാസനത്തിന്റെ അടിസ്ഥാനമാണ്.

**കർത്താവു വാഴുന്നു......**

കർത്താവിന്റെ മുൻപിൽ, ഭൂമി മുഴുവന്റെയും അധിപനായ കർത്താവിന്റെ മുൻപിൽ, പർവതങ്ങൾ മെഴുകുപോലെ ഉരുകുന്നു. ആകാശം അവിടുത്തെ നീതിയെ പ്രഘോഷിക്കുന്നു; എല്ലാ ജനതകളും അവിടുത്തെ മഹത്വം ദർശിക്കുന്നു.

**കർത്താവു വാഴുന്നു......**

കർത്താവേ, അങ്ങ് ഭൂമി മുഴുവന്റെയും അധിപനാണ്; എല്ലാ ദേവന്മാരെയുംകാൾ ഉന്നതനാണ്.

**കർത്താവു വാഴുന്നു......**

## രണ്ടാം വായന

**വി. പത്രോസ് എഴുതിയ രണ്ടാം ലേഖനത്തിൽനിന്ന്**

(1:16-19)

*(സ്വർഗത്തിൽ നിന്ന് ഈ വാക്കുകൾ മുഴങ്ങുന്നതു ഞങ്ങൾ കേട്ടതാണ്)*

പ്രിയപ്പെട്ടവരെ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയെയും പ്രത്യാഗമനത്തെയും കുറിച്ചു ഞങ്ങൾ നിങ്ങളെ അറിയിച്ചതു കൗശലപൂർവം മെനഞ്ഞെടുത്ത കൽപിതകഥകളെ വിശ്വസിച്ചതുകൊണ്ടല്ല; ഞങ്ങൾ അവന്റെ ശക്തിപ്രാഭവത്തിന്റെ ദൃക്സാക്ഷികൾ ആയതുകൊണ്ടാണ്. പിതാവായ ദൈവത്തിൽ നിന്നു ബഹുമാനവും മഹത്വവും അവൻ സ്വീകരിച്ചു. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന സ്വരം മഹിമപ്രാഭവത്തിൽ നിന്ന് അവന്റെ അടുത്തു വരുകയും ചെയ്തു. സ്വർഗ

ത്തിൽ നിന്നുണ്ടായ ആ സ്വരം ഞങ്ങൾ കേട്ടു. എന്തെന്നാൽ, ഞങ്ങളും അവന്റെ കൂടെ വിശുദ്ധമലയിൽ ഉണ്ടായിരുന്നു. ഇങ്ങനെ പ്രവാചകവചനത്തെപ്പറ്റി ഞങ്ങൾക്കു കൂടുതൽ ഉറപ്പു ലഭിച്ചിരിക്കുന്നു. പ്രഭാതം പൊട്ടിവിടരുകയും പ്രഭാതനക്ഷത്രം നിങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കുകയും ചെയ്യുന്നതുവരെ, ഇരുളിൽ പ്രകാശിക്കുന്ന ദീപത്തെ എന്നപോലെ പ്രവാചകവചനത്തെ നിങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

കർത്താവിന്റെ വചനം



## അല്ലേലൂയാ

അല്ലേലൂയാ! ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവന്റെ വാക്കു ശ്രവിക്കുവിൻ.
അല്ലേലൂയാ!

## സുവിശേഷം

**മത്തായിയുടെ വി. സുവിശേഷത്തിൽ നിന്നുള്ള വായന** (17:1-9)

*(യേശുവിന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി.)*

അക്കാലത്ത്, യേശു പത്രോസ്, യാക്കോബ്, അവന്റെ സഹോദരൻ യോഹന്നാൻ എന്നിവരെ മാത്രം കൂട്ടിക്കൊണ്ട് ഒരു ഉയർന്ന മലയിലേക്കുപോയി. അവൻ അവരുടെ മുമ്പിൽവച്ചു രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി. അവന്റെ വസ്ത്രം പ്രകാശം പോലെ ധവളമായി. മോശയും ഏലിയായും അവനോടു സംസാരിക്കുന്നതായി അവർ കണ്ടു. പത്രോസ് യേശുവിനോടു പറഞ്ഞു: കർത്താവേ, നാം ഇവിടെയായിരിക്കുന്നതു നല്ലതാണ്. നിനക്കു സമ്മതമാണെങ്കിൽ ഞങ്ങൾ ഇവിടെ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം ഒന്നു നിനക്ക്, ഒന്നു മോശയ്ക്ക്, ഒന്ന് ഏലിയായ്ക്ക്. അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ശോഭയേറിയ ഒരു മേഘം വന്ന് അവരെ ആവരണം ചെയ്തു. മേഘത്തിൽ നിന്ന് ഇങ്ങനെയൊരു സ്വരമുണ്ടായി: ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവന്റെ വാക്കു ശ്രവിക്കുവിൻ. ഇതുകേട്ട ക്ഷണത്തിൽ ശിഷ്യന്മാർ കമിഴ്ന്നു വീണു; അവർ ഭയവിഹ്വലരായി. യേശു സമീപിച്ച് അവരെ സ്പർശിച്ചുകൊണ്ടു പറഞ്ഞു: എഴുന്നേൽക്കുവിൻ, ഭയപ്പെടേണ്ടാ. അവർ കണ്ണുകളുയർത്തി നോക്കിയപ്പോൾ യേശുവിനെയല്ലാതെ മറ്റാരെയും കണ്ടില്ല.

മലയിൽ നിന്ന് ഇറങ്ങുമ്പോൾ യേശു അവരോട് ആജ്ഞാപിച്ചു: മനുഷ്യപുത്രൻ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെടുന്നതുവരെ നിങ്ങൾ ഈ ദർശനത്തെപ്പറ്റി ആരോടും പറയരുത്.

കർത്താവിന്റെ സുവിശേഷം

## വിശ്വാസികളുടെ പ്രാർഥന

**കാർമികൻ:** പ്രിയ സഹോദരരേ, പുത്രന്റെ രൂപാന്തകരണത്തിലൂടെ തന്നെ സ്വയം വെളിപ്പെടുത്തിയ പിതാവായ ദൈവത്തിന്റെ മുമ്പിൽ പ്രാർത്ഥനകൾ സമർപ്പിക്കാം.

1. ദൈവ പിതാവേ, തിരുസഭയേയും പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയെയും (അതി) രൂപതാധ്യക്ഷൻ .................. പിതാവിനെയും മറ്റെല്ലാ വൈദീകരെയും സന്യസ്തരേയും ഈ അൾത്താരയിൽ സമർപ്പിക്കുന്നു. സ്വർഗ്ഗത്തിൽ നിന്നുള്ള സ്വരം ശ്രവിക്കുവാനും തദനുസരം സഭാമക്കളെ നയിക്കുവാനുമുള്ള വരദാനങ്ങൾ നൽകി അവരെ അനുഗ്രഹിക്കണമേയെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. സമാധാന ദാതാവായ ദൈവമേ, ഞങ്ങളുടെ രാഷ്ട്രത്തെയും എല്ലാ ഭരണാധികാരികളെയും ഈ ബലിയിൽ സമർപ്പിച്ചു പ്രാർത്ഥിക്കുന്നു. സമൂഹ നന്മ കാംക്ഷിച്ചുകൊണ്ട് സേവന സന്നദ്ധതയിലും മതസ്വാതന്ത്ര്യത്തിലും സമാധാനത്തിലും ധാർമ്മീക മൂല്യങ്ങളിലും ഊന്നിയുള്ള ഒരു ഭരണം സാക്ഷാത്കരിക്കുവാനുള്ള കൃപ നൽകി എല്ലാ ഭരണാധികാരികളെയും അനുഗ്രഹിക്കണമേയെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. സ്നേഹ പിതാവേ രൂപാന്തരീകരണ തിരുനാൾ ആഘോഷിക്കുന്ന ഈ സുദിനത്തിൽ എല്ലാ വൈദികാർത്ഥികളെയും, സന്യസ്താർത്ഥിനികളെയും അങ്ങ് അനുഗ്രഹിക്കണമേ. അവിടുത്തെ പ്രകാശം ലോകത്തിനു നൽകാൻ തക്കവിധം അവരോരോരുത്തരെയും പ്രാപ്തരാക്കണമേയെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. ഭയപ്പെടേണ്ട ഇവന്റെ വാക്ക് ശ്രവിക്കുവിൻ എന്ന വചനത്താൽ ഞങ്ങളെ കൈപിടിച്ചു നടത്തുന്ന ദൈവമേ, ഈ അൾത്താരയിൽ എല്ലാ കുടുംബങ്ങളെയും സമർപ്പിക്കുന്നു. കുടുംബങ്ങളിൽ വിശ്വാസവും ദൈവഭക്തിയും വർദ്ധിപ്പിക്കേണമേ. കുടുംബ ബന്ധങ്ങളെ അങ്ങേ വചനശ്രവണത്താൽ വിശുദ്ധീകരിക്കുകയും സ്നേഹവും പരസ്പര ധാരണയും നൽകി കുടുംബ ബന്ധങ്ങളിലുള്ള വിള്ളലുകൾ അകറ്റി സമാധാനവും ഐക്യവും സ്ഥാപിക്കണമെന്നും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. നീതിമാനായ ദൈവമേ ദൈവ വചന ശുശ്രൂഷയിലും പ്രേഷിത പ്രവർത്തനത്തിലും ജീവിതം നയിച്ച് ഇഹലോക വാസം വെടിഞ്ഞ എല്ലാവർക്കും അങ്ങേ തിരുമുഖ ദർശനം നൽകി അവരെ സ്വർഗ്ഗീയാനന്ദത്തിൽ പങ്കുകാരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമികൻ:** ഈ രൂപാന്തരീകരണ തിരുനാളിൽ ഞങ്ങളെയും അങ്ങ് വിശുദ്ധികരിക്കേണമേ. ജീവിതത്തിലെ സുരക്ഷിത ഇടങ്ങളിൽ മാത്രം ഒരുമിച്ചുകൂടാതെ തള്ളിപ്പറയിലെയും ഒറ്റപ്പെടുത്തലിന്റെയും കുരിശു മരണത്തെയും സഹനവീഥികളിൽ അങ്ങ് കൂട്ടിനുണ്ടാകും എന്ന ബോധ്യത്തിൽ ജീവിക്കുവൻ ഞങ്ങളെ പഠിപ്പിക്കേണമെ. ഞങ്ങളുടെ കർത്താവായ.......

KERALAVANI
MEDIA COMMISSION • ARCHDIOCESE OF VERAPOLY
I.S. PRESS ROAD, ERNAKULAM, PH. 6285610318
*സാമൂഹികപരവും സഭാപരവുമായ കൂടുതൽ വാർത്തകളും വീഡിയോകൾക്കും കേരളവാണി യൂട്യൂബ് ചാനൽ Subscribe ചെയ്യുക.*